# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കമാന്റോകളെ ഉൾപ്പെടുത്തി തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം

6275 ശ്രീ. വർക്കല കഹാർ
,, പാലോട് രവി
,, പി.എ. മാധവൻ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമാന്റോകളെ ഉൾപ്പെടുത്തി തണ്ടർ ബോൾട്ട്സ് സുരക്ഷാ വിഭാഗം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം ആധുനിക രീതിയിലുള്ള പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്തനിവാരണ സേന</u>

6276 ശ്രീ. കെ മുരളീധരൻ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ ദുരന്ത നിവാരണ സേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം ആധുനിക പരിശീലനങ്ങളാണ് ഇവർക്ക് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകളിലാണ് ഇവരുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

സോഷ്യൽ മീഡിയായിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ

6277 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' പി. സി. വിഷ്ണുനാഥ്
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയായിലൂടെയുള്ള അപകീർത്തിപ്പെടുത്തലിനെ നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) നിലവിലുള്ള ഏതെല്ലാം നിയമങ്ങൾ പ്രകാരമാണ് അപകീർത്തിപ്പെടുത്തലിനെ നേരിടാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അപകീർത്തി സൃഷ്ടിക്കുന്ന ആളെ കണ്ടെത്തുന്നതിനും കേസ്സെടുക്കുന്നതിനും നിലവിലുള്ള നിയമങ്ങൾ കൂടുതൽ ശക്തമാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ സേവനാവകാശ നിയമം</u>

6278 ശ്രീ. സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് വേണ്ടത്ര പ്രചരണം നല്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

**കൊഗ്നൈസബിൾ കുറ്റകൃത്യത്തിന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ വീഴ്ച**

6279 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. പ്രദീപ്കുമാർ
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന് ലഭിക്കുന്ന പരാതികളിന്മേൽ എഫ്.ഐ. ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ;

(സി) കൊഗ്നൈസബിൾ കുറ്റം നടന്നുവെന്ന് അന്വേഷണത്തിൽ വെളിവായിട്ടും പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രാഥമിക അന്വേഷണത്തിലെ രേഖപ്പെടുത്തലിന്റെ ഒരു പകർപ്പ് പ്രഥമ വിവരം നൽകിയ ആളിന് നൽകണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ അത് പാലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(ഇ) കൊഗ്നൈസബിൾ കുറ്റകൃത്യം നടന്നതായി വെളിപ്പെടുത്തിയിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ വീഴ്ച വരുത്തിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പോലീസ് ഭരണ നിര്‍വ്വഹണത്തിലെ പാളിച്ചകള്‍</u>

6280 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
'' പി. ശ്രീരാമകൃഷ്ണന്‍
'' കെ. വി. അബ്ദുള്‍ഖാദര്‍
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് സേനയില്‍ കക്ഷി രാഷ്ട്രീയവല്ക്കരണവും പക്ഷപാതപരമായ നിലപാടുകളും വര്‍ദ്ധിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും കുറ്റമറ്റരീതിയില്‍ സുരക്ഷ ഉറപ്പ് വരുത്താന്‍ പോലീസിന് സാധ്യമാകുന്നില്ലെന്നതായ ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; പോലീസ് ഭരണ നിര്‍വ്വഹണത്തിലെ പാളിച്ചകള്‍ തിരിച്ചറിയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പട്ടികജാതി-പട്ടികവര്‍ഗ്ഗക്കാര്‍ക്ക് നേരെയും സ്ത്രീകള്‍ക്കും കുട്ടികള്‍ക്കും നേരെയും നടക്കുന്ന അതിക്രമങ്ങളും സൈബര്‍ കുറ്റകൃത്യങ്ങളും തടയുന്നതിന് പോലീസ് പരാജയപ്പെടുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; എങ്കില്‍ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>വനിതാ സംരക്ഷണ കമ്മിറ്റികൾ</u>

6281 ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെ സുരക്ഷക്കായി വനിതാ സംരക്ഷണ കമ്മിറ്റികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ആരെയെല്ലാമാണ് കമ്മിറ്റികളുടെ പ്രവർത്തനവുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക്
നിയമക്കുരുക്കിൽനിന്നുള്ള സംരക്ഷണം</u>

6282 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് സംരക്ഷണം നൽകുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇവർക്ക് പ്രോത്സാഹനവും നിയമകുരുക്കിൽനിന്ന് സംരക്ഷണവും നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചരണം നൽകുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഹവാല ഇടപാടുകളും വിമാനത്താവളം വഴി
വിദേശ കറൻസി കടത്തലും

6283 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹവാല ഇടപാടുകൾ, വിമാനത്താവളം വഴിയുള്ള വിദേശ കറൻസി കടത്ത് എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഹവാല ഇടപാടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) തലസ്ഥാന നഗരിയിൽ 2014 മാർച്ചിൽ 30 കോടിയിലേറെ രൂപയുടെ ഹവാല പണമിടപാട് നടത്തിയ പ്രതികൾക്കെതിരെ അന്വേഷണമോ നടപടിയോ സ്വീകരിക്കാതെ ആദായ നികുതി വകുപ്പിന് നൽകി പ്രതികൾക്ക് രക്ഷപ്പെടാൻ സാഹചര്യമൊരുക്കിയതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് വിശദമാക്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

എയർപോർട്ടുകൾ വഴിയുള്ള അനധികൃത സ്വർണ്ണക്കടത്ത്

6284 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മംഗലാപുരം, കോഴിക്കോട്, കൊച്ചി( നെടുമ്പാശ്ശേരി) എയർപോർട്ടുകളിൽ നിന്നും എത്ര അനധികൃത സ്വർണ്ണക്കടത്തുകളാണ് പിടിച്ചിട്ടുള്ളതെന്ന് അറിയാമോ ;

(ബി) എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് ; ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ് ;

(സി) എത്ര കുറ്റപത്രങ്ങൾ കോടതിയിൽ സമർപ്പിച്ചു കഴിഞ്ഞു ;

(ഡി) എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ഭീകരരെക്കുറിച്ചുള്ള റിപ്പോർട്ട്</u>

6285 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ മുജാഹിദീൻ മേധാവിയും പാട്ന സ്ഫോടന പരമ്പരയുടെ സൂത്രധാരനുമായ തഹ്സീൻ അക്തർ മൂന്നാറിൽ ഒളിവിൽ താമസിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയും എൻ.ഐ.എ. യും സംസ്ഥാനത്തിന് റിപ്പോർട്ട് നൽകിയിരുന്നോ ; എങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചത് ; ഇതിന്റെ ഉള്ളടക്കം വിശദമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ കൊടുംഭീകരനെ കണ്ടെത്തുന്നതിന് സംസ്ഥാന പോലീസ് ഏതെങ്കിലും അന്വേഷണ നടപടികൾ സ്വീകരിച്ചിരുന്നോ ; ഇത് സംബന്ധിച്ച് വിശദമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ടിയാനെ പിടികൂടാൻ സംസ്ഥാന പോലീസിന് സാധിക്കാതിരുന്നതെന്തുകൊണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ബോംബു ശേഖരം പിടികൂടിയതുമായി ബന്ധപ്പെട്ട കേസ്സ്</u>

6286 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മാസം കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായിലെ പുത്തൻകണ്ടം പളളിക്കുണ്ടത്ത് ബോംബ് ശേഖരം പിടികൂടിയതുമായി ബന്ധപ്പെട്ട് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഇവിടെനിന്നും എന്തെല്ലാം സാധനങ്ങളാണ് പിടിച്ചെടുത്തത് എന്നു വ്യക്തമാക്കാമോ; പ്രസ്തുത കേസ്സിന്റെ എഫ്. ഐ. ആർ-ന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസ്സ് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കേസ്സന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ട്രെയിൻ യാത്രക്കാരായ സ്ത്രീകളുടെ സുരക്ഷ

6287 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിനിലെ സ്ത്രീയാത്രക്കാരുടെ സുരക്ഷയ്ക്കായി ഈ സർക്കാർ ഏർപ്പെടുത്തിയ സുരക്ഷാ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) 2014 ജനുവരി മുതൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## സൈബര്‍ കുറ്റകൃത്യങ്ങള്‍

6288

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം സൈബര്‍ കുറ്റകൃത്യങ്ങള്‍ സംബന്ധിച്ച് സൈബര്‍ സെല്ലില്‍ എത്ര പരാതികള്‍ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സൈബര്‍സെല്‍ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ആയുധലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ</u>

6289 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുധ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ജില്ലാ ഭരണാധികാരി പോലീസ് വെരിഫിക്കേഷനായി ജില്ലാ പോലീസ് ചീഫിന് നൽകുന്ന അപേക്ഷകളിൽ വർഷങ്ങളായി വെരിഫിക്കേഷൻ റിപ്പോർട്ട് നൽകാതെ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ പോലീസ് വെരിഫിക്കേഷൻ ലഭിക്കാതെ എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിൽ കെട്ടിക്കിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച കാലതാമസം ഒഴിവാക്കുന്നതിലേക്കായി ഒരു നിശ്ചിത സമയം നിർദ്ദേശിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>അതിരപ്പിള്ളിയിലെ ടൂറിസം പോലീസ് സംവിധാനം</u>

6290 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ ടൂറിസം പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും, എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) അതിരപ്പിള്ളിയിലെ ടൂറിസം പോലീസിന്റെ നിലവിലുള്ള വാഹനം മാറ്റി പുതിയ വാഹനം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>അജ്ഞാത ഫോൺ കോളുകൾ</u>

6291 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിചയമില്ലാത്ത നമ്പറിൽ നിന്നും അസ്വസ്ഥതപ്പെടുത്തുന്ന കോളുകളോ സന്ദേശങ്ങളോ വരുവാനിടയായാൽ ഉടൻ പോലീസിൽ വിവരം അറിയിക്കുന്നതിന് എതെങ്കിലും ഹെൽപ്പ്ലൈൻ നമ്പർ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത കോൾ/സന്ദേശം അനധികൃതമായി സംഘടിപ്പിക്കപ്പെട്ട സിംകാർഡുകളുപയോഗിച്ചാണെങ്കിൽ യഥാർത്ഥ പ്രതി രക്ഷപ്പെടുകയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ;

(സി) എസ്. എം.എസ്. വഴി പരാതി അയക്കാൻ നിലവിൽ സംവിധാനം ഉണ്ടോ; പരാതിക്കാരൻ/പരാതിക്കാരിക്ക് പരിചയമില്ലാത്ത നമ്പറിന്റെ ഉറവിടവും, ഉടമയും ആരെന്ന് അറിയാൻ സംവിധാനമുണ്ടാകുമോ;

(ഡി) മറ്റാരുടെയെങ്കിലും മേൽവിലാസത്തിൽ അവരുടെ അറിവോ സമ്മതമോയില്ലാതെ രേഖകൾ സങ്കടിപ്പിച്ച് സിംകാർഡുകൾ എടുക്കുന്നവർക്കെതിരെ എന്ത് നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ എടുക്കുന്ന സിംകാർഡുകൾ ഉപയോഗിക്കുന്നത് പരിശോധിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ;

(എഫ്) ഏതൊരുവ്യക്തിക്കും തന്റെ സ്വന്തം മേൽവിലാസത്തിൽ ഏതെല്ലാം കമ്പനികളുടെ എത്ര വീതം കണക്ഷനുകൾ ഉണ്ടെന്ന് കണ്ടുപിടിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് എയർപോർട്ടിൽ നിന്നും യാത്ര ചെയ്യാനെത്തിയവരുടെ പാസ്പോർട്ട് തിരികെ നൽകുന്നത്</u>

6292 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-12 കാലയളവിൽ കോഴിക്കോട് എയർപോർട്ടിൽ നിന്നും യാത്രചെയ്യാനെത്തിയവരുടെ പാസ്പോർട്ടിലെ നിസ്സാര തെറ്റുകളുടെ പേരിൽ അവർക്കെതിരെ എടുത്ത കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേസുകളെ സംബന്ധിച്ച് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട് അന്വേഷിക്കണമെന്ന് നിർദ്ദേശിച്ചിരുന്നോ എങ്കിൽ അന്വേഷിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ;

(സി) ഇതിനകം എത്രപേരുടെ കേസ്സുകൾ തീർപ്പാക്കി പാസ്പോർട്ട് തിരികെ നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>അഭിപ്രായ സ്വാതന്ത്ര്യത്തിന്മേലുള്ള നിഷേധം</u>

6293 ശ്രീ. കെ. രാധാകൃഷ്ണൻ
'' റ്റി. വി. രാജേഷ്
'' ആർ. രാജേഷ്
'' ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഭിപ്രായം പറയാനും എഴുതാനും പ്രകടിപ്പിക്കാനുമുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനും അതിന്റെ പേരിൽ പോലീസ് കേസ്സെടുത്ത് പീഡിപ്പിക്കുന്നതും ആയ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃശൂർ കുന്നംകുളം പോളിടെക്നിക്കിലെ മാഗസിൻ കമ്മിറ്റി (2012-13) അംഗങ്ങളെ കേസ്സിൽ കുടുക്കിയ പോലീസ് നടപടി ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെതിരായിട്ടുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരായിട്ടാണ് പോലീസ് കേസെടുത്തിരിക്കുന്നത് ;

(സി) ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെയുള്ള സംഘപരിവാറിന്റെ ഭീഷണി പ്രാവർത്തികമാക്കാനുള്ള ഒരു നടപടി എന്ന നിലയിലേയ്ക്ക് പോലീസ് മാറാൻ പാടില്ലായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മാഗസിൻ പ്രസിദ്ധീകരിച്ച തീയതി, കേസെടുത്ത തീയതി എന്നിവ വ്യക്തമാക്കുമോ; മാഗസിനിൽ പരാമർശിക്കപ്പെട്ട വ്യക്തിയെപ്പറ്റി വ്യാജ ഏറ്റുമുട്ടൽ ഉൾപ്പെടെ നിരവധി വിഷയങ്ങളിൽ വിമർശിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തിന് ചേർന്നതായിരുന്നില്ല പോലീസ് നടപടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കുന്നംകുളം മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം</u>

6294 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം പ്രവർത്തിച്ചുവരുന്നത്;

(ബി) മണ്ഡലത്തിലെ എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും സ്റ്റുഡന്റ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>സ്കൂൾ കുട്ടികളിൽ വ്യാപകമായി വരുന്ന മയക്കുമരുന്ന് ഉപയോഗം</u>

6295 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിൽ വ്യാപകമായി വരുന്ന മയക്കുമരുന്നു ഉപയോഗം സംബന്ധിച്ച പത്ര-മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(സി) കുട്ടികൾക്ക് മയക്കുമരുന്ന് എത്തിയ്ക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്</u>

6296 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്സ് അന്വേഷണം സി. ബി. ഐ. ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സി. ബി. ഐ. അന്വേഷണം ഏറ്റെടുത്തത്;

(ബി) അന്വേഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സി. ബി. ഐ. സംസ്ഥാന ഗവൺമെന്റിന് കത്തുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കത്തുകൾ നൽകി; ഓരോ കത്തിലെയും ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) പ്രസ്തുത കത്തുകൾ പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് സംസ്ഥാന ഗവൺമെന്റ് സി. ബി. ഐ.ക്ക് നൽകിയത്; എന്നാണ് ഇവ നൽകിയത്;

(ഡി) ഗവൺമെന്റ് സൗകര്യങ്ങൾ നൽകുന്നില്ലെന്ന് പരാതിപ്പെട്ട് സി. ബി. ഐ. ഹൈക്കോടതിയിൽ ഹർജി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് ഇത് ശ്രദ്ധയിൽപ്പെട്ടത്; എന്നാണ് സി. ബി. ഐ. ഹർജി നൽകിയത്;

(ഇ) ഇക്കാര്യത്തിൽ എന്തു മറുപടിയാണ് സർക്കാർ കോടതിയിൽ നൽകിയത്?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് മുന്നിലെ സമരത്തിന് നേരെയുള്ള ഗ്രനേഡ് പ്രയോഗം</u>

6297 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. എം.എൽ.എ. മാർ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തുമ്പോൾ പോലീസ് ഗ്രനേഡ് പ്രയോഗിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സംഭവത്തിൽ പോലീസിന്റെ ഭാഗത്ത് എന്തെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവത്തിനുശേഷം ഗ്രനേഡുകൾ പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസിന് എന്തെങ്കിലും തരത്തിലുള്ള പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) മേൽ പ്രസ്താവിച്ച സംഭവത്തിൽ ഗ്രനേഡ് പ്രയോഗിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ തന്നെയാണോ ഗ്രനേഡ് പ്രയോഗിച്ചതെന്നും ഇക്കാര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

പോലീസ് ഉദ്യോഗസ്ഥന്റെ കൃത്യനിർവ്വഹണത്തിന് തടസ്സം നിന്ന രാഷ്ട്രീയ പ്രവർത്തകയ്ക്ക് എതിരെയുള്ള കേസ്

6298 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു എസ്.ഐ. യെ പൊതുജനമദ്ധ്യത്തിൽ അസഭ്യം പറഞ്ഞ് തൊപ്പിതെറിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും, കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും ചെയ്താൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജന മദ്ധ്യത്തിൽ മാനന്തവാടി എസ്.ഐ. യെ അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തുകയും കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതായി പറയപ്പെടുന്ന മഹിളാകോൺഗ്രസ്സ് അദ്ധ്യക്ഷ ബിന്ദുകൃഷ്ണയ്ക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിരുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി</u>

6299 ശ്രീ. എ. കെ. ബാലൻ
,, വി. ശിവൻകുട്ടി
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിക്ക്, കുറ്റകൃത്യങ്ങളുടെ വിധി നിർണ്ണയത്തിൽ കോടതികളെ സഹായിക്കാൻ യഥാസമയം സാധ്യമാകുന്നുണ്ടോ; ഇതിന്റെ നടപ്പുവർഷത്തെ പ്രവർത്തനം പ്രത്യേകമായി അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുറ്റകൃത്യങ്ങളിൽപ്പെട്ട തൊണ്ടിസാധനങ്ങൾ രാസ പരിശോധനയ്ക്ക് ലഭിച്ചാൽ വിദഗ്ദ്ധ റിപ്പോർട്ട് നൽകുന്നതിൽ കാലതാമസവും വീഴ്ചകളും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ലബോറട്ടറികളുടെ ആധുനികവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലാതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പരിശോധനയ്ക്ക് ലഭിച്ച തൊണ്ടിസാധനങ്ങളുടെയും സാമ്പിളുകളുടെയും വിദഗ്ദ്ധ റിപ്പോർട്ട് നൽകുവാൻ നിലവിൽ എത്ര കേസ്സുകളിൽ ബാക്കി നിൽപ്പുണ്ട്; കണക്കുകൾ വെളിപ്പെടുത്താമോ; ഒരു വർഷത്തിൽ കൂടുതലായി ബാക്കി നിൽപ്പുള്ളവ ഉണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഫോറൻസിക് ലാബുകളുടെ നവീകരണം

6300 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫോറൻസിക് ലാബറട്ടറികൾ നവീകരിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഫോറൻസിക് ലാബറട്ടറിയിൽ ഇപ്പോൾ എന്തെല്ലാം പരിശോധനകളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

വിക്റ്റിം കോമ്പൻസേഷൻ സ്കീം

6301 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വിക്റ്റിം കോമ്പൻസേഷൻ സ്കീം നടപ്പാക്കുന്നുണ്ടോ ;

(ബി) പ്രസ്തുത സ്കീം പ്രകാരം ഇതുവരെ എത്ര പേർക്ക് ആനുകൂല്യം നൽകി ;

(സി) സംസ്ഥാനത്ത് പോലീസിന്റെ അതിക്രമങ്ങൾക്ക് ഇരയായവർക്ക് പ്രസ്തുത സ്കീം പ്രകാരം നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പോലീസിന്റെ അതിക്രമങ്ങൾക്ക് ഇരയായ ധാരാളം പേർ സംസ്ഥാനത്ത് കഷ്ടതകൾ അനുഭവിക്കുന്ന കാര്യം സർക്കാർ പരിഗണനയിലെടുക്കുമോ ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

'നിര്‍ഭയ'യില്‍ നിന്ന് പെണ്‍കുട്ടികളെ കടത്താനുള്ള ശ്രമം

6302 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്ത്രീകളെയും കുട്ടികളെയും പാര്‍പ്പിച്ചിട്ടുള്ള സ്ഥാപനമായ 'നിര്‍ഭയ'യില്‍ നിന്ന് പെണ്‍കുട്ടികളെ കടത്താന്‍ ശ്രമിച്ചത് പോലീസ് വകുപ്പിന്റെ ശ്രദ്ധയില്‍പെട്ടുവോ;

(ബി) എങ്കില്‍ ഇതിന് പിന്നില്‍ പ്രവര്‍ത്തിച്ചവര്‍ ആരെല്ലാം എന്നും അന്വേഷണം ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പോലീസിന്റെ അന്വേഷണ പ്രകാരം 'നിര്‍ഭയ'യില്‍ എത്ര സ്ത്രീകളെയും കുട്ടികളെയും പാര്‍പ്പിച്ചിട്ടുണ്ട്;

(ഡി) ക്രിമിനലുകള്‍ 'നിര്‍ഭയ'യില്‍ എന്തെല്ലാം അതിക്രമങ്ങള്‍ നടത്തി എന്ന് പോലീസ് അന്വേഷണത്തില്‍ കണ്ടെത്തിയിട്ടുണ്ട്;

(ഇ) 'നിര്‍ഭയ'യിലെ അന്തേവാസികള്‍ക്ക് പൂര്‍ണ്ണ സംരക്ഷണം നല്‍കാന്‍ പോലീസ് വകുപ്പ് എന്തു നടപടികള്‍ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സ്ത്രീസൗഹൃദ വാഹനങ്ങൾ</u>

6303 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീസൗഹൃദ വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്ത്രീസൗഹൃദ ഓട്ടോറിക്ഷകളും ഷീടാക്സികളും വ്യാപകമാക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) സ്ത്രീസൗഹൃദ വാഹന സർവ്വീസുമായി ബന്ധപ്പെട്ട് പരിഗണനയിലുള്ള നിർദ്ദേശങ്ങളും പരിപാടികളും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ്</u>

6304 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോളേജ് വിദ്യാർത്ഥികളെ മയക്കുമരുന്നു മാഫിയ വലയിലാക്കുന്നത് സംബന്ധിച്ച പ്രശ്നത്തിൽ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇത് സംബന്ധിച്ച റെയ്ഡുകൾ നടത്തുമോ;

(സി) ക്ലാസ് സമയത്തും, മറ്റിടവേളകളിലും ചുറ്റിത്തിരിയുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ആവശ്യമായ കൗൺസിലിംഗും ഗൈഡൻസും നൽകുവാൻ പോലീസിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

**ഭൂമിതട്ടിപ്പ് കേസുമായുള്ള സർക്കാരിന്റെ നിസ്സഹകരണം സംബന്ധിച്ച സി.ബി.ഐ. പരാതി**

6305

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സലിംരാജ് ഉൾപ്പെട്ട ഭൂമിതട്ടിപ്പ് കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ സർക്കാർ സഹകരിക്കുന്നില്ല എന്ന് കോടതിയിൽ സി.ബി.ഐ. പരാതി ഉന്നയിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി.ബി.ഐ. ഇപ്രകാരം കോടതിയിൽ പരാതി ഉന്നയിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) സർക്കാർ സഹകരിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സോളാർ അഴിമതിക്കേസ്സിലെ പ്രതിയുടെ വരുമാനസ്രോതസ്സ്</u>

6306 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ അഴിമതിക്കേസ്സിലെ പ്രതി സരിത എസ്. നായരുടെ വരുമാനസ്രോതസ്സ് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷനേതാവിൽ നിന്നും കത്ത് ലഭിച്ചിരുന്നോ;

(ബി) ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യം അന്വേഷിക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വിദേശികളോട് അപമര്യാദയായുള്ള പെരുമാറ്റം</u>

6307 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ സംസ്ഥാനത്ത് വനിതകളടക്കമുള്ള വിദേശികളോട് അപമര്യാദയായി പെരുമാറിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവിൽ വിദേശികളായ ടൂറിസ്റ്റുകളിൽ നിന്നും എത്ര പരാതികൾ പോലീസിനു ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി പോലീസ് സ്റ്റേഷന്റെ വിഭജനവും, രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളും</u>

6308 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഈ സർക്കാരിന്റെ ഭരണകാലയളവിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര; ഇതിൽ നാളിതുവരെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസ്സുകൾ എത്ര;

(ബി) കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ജോലിഭാരവും കേസ്സിന്റെ ബാഹുല്യവും പരിഗണിച്ച് സ്റ്റേഷൻ വിഭജിച്ച് പുതിയ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നാളിതുവരെയായിട്ട് ഡി.ജി.പി. ഈ കാര്യത്തിൽ റിപ്പോർട്ട് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; മിഷൻ 676-ൽ ഇത് ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>നാവികസേനാ ഉദ്യോഗസ്ഥന്റെ കൊലപാതകം</u>

6309 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാവികസേനാ ഉദ്യോഗസ്ഥനായിരുന്ന പെരുമ്പാവൂർ ഒക്കൽ സ്വദേശി അബീഷ് ശിവൻ വിശാഖപട്ടണത്ത് റയിൽവേ ട്രാക്കിൽ കൊലചെയ്യപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട് അബീഷ്ശിവന്റെ പിതാവ് ശ്രീ.ടി.ഡി.ശിവൻ സമർപ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ

6310 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്നു മുതലാണ് ക്ഷേത്ര സുരക്ഷ സർക്കാർ ഏറ്റെടുത്തതെന്നും സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പെരുമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ</u>

6311 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പോലീസ് സ്റ്റേഷനിൽ 2011, 2012, 2013 എന്നീ 3 വർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം നടത്തി കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്;

(സി) കുന്നംകുളം സ്റ്റേഷന്റെ പ്രവർത്തനമേഖല വിഭജിച്ച് പെരുമ്പിലാവ് അസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>പത്രപ്രവർത്തകർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ</u>

6312 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പത്രപ്രവർത്തകർക്കെതിരെ നടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് സംസ്ഥാന പോലീസ് മേധാവി പ്രത്യേകം അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ജയപ്രസാദിനും നാരായണൻ നായർക്കുമെതിരെയുള്ള കേസുകൾ</u>

6313 കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ആഗസ്റ്റ് മാസം തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽ വച്ച് മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച ജയപ്രസാദിനോടും 2014 ഫെബ്രുവരിയിൽ വടകരയിൽ ദേശീയപാത സ്ഥലമെടുപ്പിനെതിരെ പ്രതിഷേധിച്ച നാരായണൻ നായരോടും പോലീസുകാർ അതിക്രമം കാണിച്ച സംഭവങ്ങളിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ എന്തെല്ലാം തുടർ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുറ്റക്കാരായ പോലീസുകാർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തുകയും ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജയപ്രസാദിനെതിരെയും നാരായണൻ നായർക്കെതിരെയും കേസ്സ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>രാമചന്ദ്രൻ നായരുടെ ദുരൂഹമരണം</u>

6314 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ ചടയമംഗലം വില്ലേജിൽ ഉള്ള നാട് പ്ലാവിളവീട്ടിൽ രാമചന്ദ്രൻ നായരുടെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ചടയമംഗലം പോലീസ് സ്റ്റേഷനിൽ ഭാര്യ സുജാത നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് കൈക്കൊണ്ട തുടർ നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ബ്ലേഡ് സംഘങ്ങളും കൊള്ളപ്പലിശക്കാരും
സാമൂഹ്യജീവിതത്തിൽ ഉയർത്തിക്കൊണ്ടിരിക്കുന്ന ഭീഷണി

6315 ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യജീവിതത്തിൽ ബ്ലേഡ് സംഘങ്ങളും കൊള്ളപ്പലിശക്കാരും ഉയർത്തിക്കൊണ്ടിരിക്കുന്ന ഭീഷണിക്കെതിരെ ഫലപ്രദമായ പോലീസ് നടപടി ഉറപ്പാക്കാമോ; പോലീസ് നടത്തുന്ന റെയ്ഡുകൾക്ക് ശേഷവും പൂർവ്വാധികം ശക്തിയോടെ പ്രസ്തുത മാഫിയകൾ രംഗത്ത് വന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബ്ലേഡ് സംഘങ്ങളേയും കൊള്ളപ്പലിശക്കാരെയും പേടിച്ച് കഴിയുന്ന നിരവധി കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടക്കെണിയിലായവർ ആത്മഹത്യ ചെയ്യേണ്ടിവരുന്ന സാഹചര്യം ഇല്ലാതാക്കാൻ ബ്ലേഡ് കമ്പനികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

ബ്ലേഡ് മാഫിയ

6316 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിനായി, നിലവിലുള്ള നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അനധികൃത പണമിടപാട് സംബന്ധിച്ച കേസ്സുകൾ</u>

6317 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ അനധികൃത പണമിടപാട് സംബന്ധിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം ലഭ്യമാക്കാമോ;

(ബി) കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ടവരുടെയും ഇനിയും പിടികൂടാനുള്ളവരുടെയും എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ.യുടെ ബ്ലേഡ് പലിശ

6318 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കെ.എസ്.എഫ്.ഇ. ഇടപാടുകാരിൽ നിന്നും വായ്പ എടുക്കുന്നവരിൽ നിന്നും ബ്ലേഡുപലിശ ഈടാക്കുന്നതായി ആഭ്യന്തര വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ''ഓപ്പറേഷൻ കുബേര'' പദ്ധതിയിൽ ഉൾപ്പെടുത്തി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ആപ്പിൾ ട്രീ ചിട്ടികമ്പനിയുടെ തട്ടിപ്പ്</u>

6319 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആപ്പിൾ ട്രീ ചിട്ടികമ്പനിയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) നിക്ഷേപകരുടെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; കേസ്സിൽ എത്ര പ്രതികളുണ്ട് ; ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളാരെല്ലാം ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്പനിയുടെ തട്ടിപ്പ് സംബന്ധിച്ച് അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങൾ വിശദമാക്കുമോ ; തട്ടിപ്പിനിരയായ നിക്ഷേപകർക്ക് പണം തിരികെ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കേസ്സിന്റെ നിലവിലെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ലീ ക്യാപ്പിറ്റൽ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി</u>

6320 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീ ക്യാപ്പിറ്റൽ തട്ടിപ്പിനെതിരായുള്ള അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ലീ ക്യാപ്പിറ്റൽ തട്ടിപ്പിനെതിരായുള്ള കേസിൽ അന്വേഷണം ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസ്</u>

6321 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിസിനസ് ഇന്ത്യാ നിക്ഷേപത്തട്ടിപ്പ് കേസ്സിന്റെ അന്വേഷണം എന്നാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത കേസ്സിലെ കുറ്റപത്രം എത്ര കാലത്തിനുള്ളിൽ സമർപ്പിക്കാനാണ് ഹൈക്കോടതി ഉത്തരവിട്ടിരുന്നത് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവിൽ പറഞ്ഞ കാലാവധി അവസാനിച്ചിട്ടുണ്ടോ; പറഞ്ഞ കാലയളവിനുള്ളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഈ കേസിൽ എത്ര പ്രതികളുണ്ട് ; എത്ര പേർ അറസ്റ്റിലായി ; എത്ര പേർക്ക് ജാമ്യം ലഭിച്ചു; വ്യക്തമാക്കാമോ ;

(ഇ) അറസ്റ്റിലാകാത്തവരെ കണ്ടെത്താൻ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ജാമ്യത്തിലിറങ്ങിയ പ്രതികൾ കടന്നുകളഞ്ഞതായി വിവരം ലഭിച്ചിട്ടുണ്ടോ ; അങ്ങനെയെങ്കിൽ ഇവരുടെ ജാമ്യം റദ്ദാക്കുന്നതിനോ ഇവരെ കണ്ടെത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അമിതപലിശയ്ക്ക് കടംകൊടുക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും</u>

6322 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശയ്ക്ക് പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലിസ്റ്റ് നൽകാമോ; ജില്ലാടിസ്ഥാനത്തിൽ വിവരം നൽകാമോ;

(ബി) കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 01.04.2014 മുതൽ നാളിതുവരെ എത്രപേർക്കെതിരെ കേസെടുത്തു; അവർ ആരെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

6323 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലും വൈക്കം നിയോജകമണ്ഡലപരിധിയിലും എത്ര കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി എത്ര പേരെ അറസ്റ്റുചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ നടത്തിയ റെയ്ഡിൽ പണമോ മുദ്രപ്പത്രങ്ങളോ പിടിച്ചെടുത്തിട്ടുണ്ടോ;

(സി) പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകൾ ഇപ്പോഴും തുടരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകളിൽ വൈക്കം മണ്ഡലത്തിൽ അനധികൃതമായി നടത്തുന്ന ഏതെങ്കിലും ചിട്ടിസ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ഓപ്പറേഷൻ കുബേരയുടെ ഭാഗമായിട്ടുള്ള നടപടി</u>

6324 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട ഡി.സി.സി. മുൻ അംഗം ശശീന്ദ്രബാബുവിന്റെ കൈവശം ഉണ്ടായിരുന്ന എന്തെല്ലാം രേഖകളും മറ്റ് വസ്തുക്കളുമാണ് പോലീസ് റെയ്ഡിൽ പിടിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ടിയാനോ ടിയാന്റെ സഹായികൾക്കോ മറ്റേതെങ്കിലും കേസ്സുമായി ബന്ധമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ടിയാനുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഓപ്പറേഷൻ കുബേര – കുന്നംകുളം മണ്ഡലം

6325 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട കേസ്സുകൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസ്സുകളിൽ എത്ര പേർ പ്രതികളായിട്ടുണ്ട്;

(ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് ഇവർക്കെതിരെ കേസ്സുകൾ എടുത്തിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥൻമാരുടെ മാഫിയ ബന്ധങ്ങളെ കുറിച്ച് ലഭ്യമായ പരാതി**

6326 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഉന്നതപോലീസ് ഉദ്യോഗസ്ഥർക്ക് ബ്ലേഡ് പലിശക്കാർ, സ്വത്ത് തർക്കം, വായ്പാ തർക്കം, കുഴൽപ്പണ ഇടപാട് തുടങ്ങിയ രംഗത്തെ ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധം ആരോപിച്ച് കരാറുകാരനായ എടഞ്ചേരി സ്വദേശി നാരായണൻ എന്നയാൾ ഡി. ജി. പി.യ്ക്ക് നൽകിയ പരാതിയിൻമേൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ ഏത് പോലീസ് സ്റ്റേഷനിൽ; ഏത് വകുപ്പുകൾ പ്രകാരം; ഏത് ക്രൈം നമ്പറിലാണ്; ഏത് തീയതിയിലാണ്; കേസ്സ് രജിസ്റ്റർ ചെയ്തിട്ടുളളതെന്ന് വെളിപ്പെടുത്താമോ;

(ബി) പരാതിക്കാരനായ നാരായണൻ 17 ദിവസം തുടർച്ചയായി ക്വട്ടേഷൻ സംഘത്തിന്റെ കസ്റ്റഡിയിൽ കിടക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ; പരാതിയിൽ പരാമർശിക്കപ്പെട്ട സംഗതികളും പോലീസ് ആഫീസറെയും കുറിച്ച് വെളിപ്പെടുത്താമോ;

(സി) നാരായണന്റെ വെളിപ്പെടുത്തലിൽ ഗൂഢസംഘത്തെ സഹായിക്കുന്ന ഏതെല്ലാം കോൺഗ്രസ് പ്രവർത്തകരെക്കുറിച്ചാണ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്; അന്വേഷണത്തിൽ ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തിയ ഏതെല്ലാം ആളുകൾ കോൺഗ്രസ് പ്രവർത്തകരാണെന്ന് തെളിയുകയുണ്ടായി;

(ഡി) 2013 ഒക്ടോബർ 13-ന് 'ഖദറിട്ട പ്രമുഖന്റെ ഗുണ്ടാരാജ്' എന്ന തലക്കെട്ടിൽ മെട്രോ മനോരമയിൽ വന്ന വാർത്ത അന്വേഷണത്തിന്റെ ഭാഗമാക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) അന്വേഷണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായി പ്രദേശത്തെ ഏതെല്ലാം വീടുകളിൽ റെയ്ഡ് നടത്തുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

(എഫ്) പ്രസ്തുത സംഘത്തിൽപ്പെട്ടവരിൽ നിന്നും ബോംബുകൾ ഉൾപ്പെടെയുള്ള മാരകായുധങ്ങളും വസ്തുക്കളും കണ്ടെത്തുകയുണ്ടായോ; ഇത് സംബന്ധമായി അവ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ജി) വെണ്ടുട്ടായിയിലെ പീഡനത്തിന് നേതൃത്വം നൽകിയ ആൾ ആരായിരുന്നു; അയാൾ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടയാളാണ്; അയാൾക്കും സംഘത്തിനും സ്ഥലത്തെ ആർ. എസ്. എസ് ക്രിമിനലുമായി ബന്ധം ഉളളതായി അന്വേഷണ സംഘത്തിന് മനസ്സിലായിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ബ്ലേഡ് മാഫിയയുടെ പീഡനം സംബന്ധിച്ച പരാതി</u>

6327 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 25.10.2013 ന്റെ മാതൃഭൂമി കണ്ണൂർ എഡിഷനിൽ നാട്ടുവർത്തനമാനം പേജിൽ വന്ന "പണം ആവശ്യപ്പെട്ട് യുവാവിനെ തീക്കൂനയ്ക്ക് നടുവിൽ നിർത്തി" എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാർത്തയിൽ പറയുന്ന മനേഷിന്റെ ഭാര്യയുടെയും അമ്മയുടെയും പരാതി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ജില്ലാ പോലീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ബ്ലേഡ് മാഫിയയ്ക്ക് വേണ്ടി ക്വട്ടേഷൻ സംഘം നടത്തിയ ഈ പീഡനത്തിൽ പോലീസ് മനേഷിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ മൊഴിയുടെ കോപ്പി ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത സംഭവത്തിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ പ്രസ്തുത കേസ്സിൽ ആരെല്ലാമാണ് പ്രതികളെന്ന് വ്യക്തമാക്കാമോ;

(എച്ച്) പ്രസ്തുത കേസ്സിന്റെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഐ) കേസ്സന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

റാന്നി കേന്ദ്രമാക്കി പോലീസ് സബ്ഡിവിഷന്‍

6328 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സബ് ഡിവിഷനുകള്‍ നിലവിലുണ്ട് ; ഒരു സബ് ഡിവിഷനു കീഴില്‍ ശരാശരി എത്ര പോലീസ് സ്റ്റേഷനുകള്‍ ഉള്‍പ്പെടും ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പുതിയ സബ് ഡിവിഷനുകള്‍ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഏതെല്ലാം ;

(സി) പത്തനംതിട്ട ജില്ലയില്‍ എത്ര പോലീസ് സബ് ഡിവിഷനുകള്‍ ഉണ്ട് ; ഓരോ സബ് ഡിവിഷനു കീഴിലും വരുന്ന പോലീസ് സ്റ്റേഷനുകള്‍ ഏതൊക്കെ ;

(ഡി) ഗവി, പമ്പാവാലി, കിഡുമം, ചാത്തന്‍തറ, നാറാണം തോട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങള്‍ക്ക് സബ് ഡിവിഷണല്‍ പോലീസ് ആസ്ഥാനത്തെത്താന്‍ റാന്നിവഴി വളരെയധികം ദൂരം യാത്ര ചെയ്യേണ്ടി വരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഈ പ്രദേശങ്ങള്‍ ഉള്‍ക്കൊള്ളുന്ന പോലീസ് സ്റ്റേഷനുകള്‍ ഉള്‍പ്പെടുത്തിക്കൊണ്ടും നിലവിലെ പത്തനംതിട്ട ജില്ലയിലെ സബ് ഡിവിഷനുകള്‍ പുന:ക്രമീകരിച്ചുകൊണ്ടും റാന്നി കേന്ദ്രമാക്കി പുതിയ പോലീസ് സബ്ഡിവിഷന്‍ ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പോലീസ് കൺട്രോൾ റൂം- സ്റ്റാഫ് പാറ്റേൺ</u>

6329 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റിയിൽ പോലീസ് കൺട്രോൾ റൂം ആരംഭിച്ചത് എന്നാണ്; സിറ്റി പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നതിലേക്ക് തീരുമാനിച്ചിട്ടുളള സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത ഓഫീസിൽ എത്ര അനുവദനീയ തസ്തികകൾ ഉണ്ടെന്നും, ആയതിൽ ഏതൊക്കെ വിഭാഗം ജീവനക്കാരാണെന്നും അറിയിക്കുമോ;

(സി) സംസ്ഥാനത്തെ സിറ്റി പോലീസ് കൺട്രോൾ റൂമിൽ ഉള്ളതുപോലെ കൂടുതൽ തസ്തികകൾ അനുവദിച്ച് ഓഫീസിന്റെ പ്രവർത്തനം സജ്ജമാക്കുവാൻ ശ്രദ്ധിക്കുമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>കൊടുവള്ളി - പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം</u>

6330 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് ആവശ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## നഗരൂരിൽ പോലീസ് സ്റ്റേഷൻ

6331 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂരിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയതായി പോലീസ് സ്റ്റേഷനുകൾ അനുവദിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

6332 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളി കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) അമ്പലപ്പുഴയ്ക്കും ഹരിപ്പാടിനുമിടയിൽ ക്രമസമാധാന പരിപാലനം ശക്തമാക്കാൻ തോട്ടപ്പള്ളി കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ അരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>റോഡപകടങ്ങളിൽപെടുന്നവരെ ആശുപത്രിയിലെത്തിക്കാൻ കാണിയ്ക്കുന്ന വിമുഖത</u>

6333 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ അപകടങ്ങളിൽപ്പെട്ട് പരിക്കേറ്റ് റോഡുകളിൽ കിടക്കുന്ന വരെ യഥാസമയം ആശുപത്രിയിൽ എത്തിക്കാൻ പൊതുജനങ്ങളും ചില സ്ഥലങ്ങളിൽ പോലീസും വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ ഇടപെടുന്ന പൊതുജനങ്ങൾക്ക് പ്രോത്സാഹനവും, നിയമകുരുക്കുകളിൽ നിന്ന് സംരക്ഷണവും, പാരിതോഷികങ്ങളും നൽകുവാൻ വകുപ്പ് എന്തു നടപടി സ്വീകരിയ്ക്കും എന്ന് വ്യക്തമാക്കുമോ;

(സി) അപകടം അറിഞ്ഞശേഷം യഥാസമയം പോലീസ് സേവനം ലഭ്യമാകാത്തത് സംബന്ധിച്ച് എത്ര പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്; എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ഡി) അപകടം അറിഞ്ഞശേഷം യഥാസമയം സേവനം ലഭ്യമാക്കാത്ത പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തി മാതൃകാപരമായ ശിക്ഷ നൽകുവാൻ ഈ സർക്കാർ പുതിയതായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ്</u>

6334 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഇതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ പഞ്ചായത്തിൽ സ്ഥാപിക്കുന്ന പോലീസ് കമാൻഡോ കേന്ദ്രത്തിന്റെ പ്രവർത്തനം നടപ്പ് സാമ്പത്തികവർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ; ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>പോലീസ് പിടിച്ചിട്ടിരിക്കുന്ന മണൽലോറികൾ</u>

6335 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് സമീപം പിടിച്ചിട്ടിരിക്കുന്ന ലോറികളും അതിലുള്ള മണലുകളും ലേലം ചെയ്യുന്നതിന് രണ്ട് വർഷം മുൻപ് മന്ത്രിസഭായോഗത്തിനു ശേഷം നടന്ന പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ച പ്രകാരം എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## കടലാക്രമണം നേരിടാൻ കരിങ്കല്ലുമായി വരുന്ന ലോറികൾ തടയുന്ന നടപടി

6336 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം തടയുന്നതിന് വിവിധ മേഖലകളിലേയ്ക്ക് കരിങ്കല്ലുമായി വരുന്ന ലോറികൾ പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി തടയുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ലോറികൾ തടയുന്നതും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കരിങ്കല്ല് എത്തിക്കാതിരിക്കുന്നതുമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

പോലീസ് വകുപ്പിലെ വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിലുള്ള കുടിശ്ശിക

6337 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു വരെ പോലീസ് വകുപ്പിലെ വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിൽ പെട്രോൾ പമ്പുകൾക്ക് നൽകേണ്ട തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ;

(സി) നിലവിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ ഡി.വൈ.എസ്.പി. റാങ്കിനുമുകളിലുള്ള പോലീസുദ്യോഗസ്ഥർ</u>

6338 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ഡി.വൈ.എസ്.പി റാങ്കിനുമുകളിലുള്ള ഉദ്യോഗസ്ഥർ എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ പിന്നോക്ക പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള എത്ര ഉദ്യോഗസ്ഥരാണുള്ളതെന്ന കണക്ക് ലഭ്യമാക്കുമോ;

(സി) ആഭ്യന്തര വകുപ്പിൽ കായികരംഗത്തെപ്പോലെ കലാരംഗത്തും ദേശീയ തലത്തിൽ സംഭാവന നൽകിവരുന്നുണ്ടോ;

(ഡി) കായികതാരങ്ങൾക്ക് പ്രൊമോഷൻ നൽകുന്നതിലുള്ള മാനദണ്ഡങ്ങളിലെ ഇളവ് ഇവർക്ക് ബാധകമാണോ;

(ഇ) ഇവരുടെ സംഭാവനകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>തീരദേശപോലീസ് സ്റ്റേഷനുകളിലെ എസ്. ഐ. മാരുടെ ഒഴിവുകൾ</u>

6339 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ എത്ര എസ്. ഐ. മാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) തീരദേശ പോലീസ് സ്റ്റേഷനുകളിൽ എസ്. ഐ. മാരുടെ തസ്തികകൾ അനുവദിച്ചത് സംബന്ധിച്ച 06.02.2009-ലെ 17/09/Home നമ്പർ ഉത്തരവും അതിനു ശേഷമുള്ള ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) നിലവിലുള്ള എല്ലാ തീരദേശ പോലീസ് സ്റ്റേഷനിലെ എസ്. ഐ മാരുടെ ഒഴിവുകളും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാനും ഒഴിവുകൾ നികത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

എ. ആർ. സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

6340 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി എത്ര ഡി. പി. ഒ. കൾ നിലവിൽ വന്നുവെന്നും ആയതിലേക്ക് പുതിയതായി എത്ര എ. ആർ. സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) ആറുമാസത്തിലധികമായി ദീർഘകാലാവധിയിൽ പ്രവേശിച്ചിരിക്കുന്ന എത്ര എ. ആർ. സബ് ഇൻസ്പെക്ടർമാർ നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആംഡ് റിസർവ്വുകളിലായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം ദീർഘകാലാവധി വിവരങ്ങൾ കെ. പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ;

(ഇ) എങ്കിൽ ആയത് പ്രകാരം ഇത്തരം അവധി വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(എഫ്) ആറ് മാസത്തിലധികമായി മറ്റ് യൂണിറ്റുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ എത്ര എ. ആർ. സബ് ഇൻസ്പെക്ടർ മാർ ജോലി നോക്കിവരുന്നു എന്നറിയിക്കാമോ; ആയത് കെ. പി. എസ്. സി. യിൽ പൂർണ്ണമായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ഡിസ്ട്രിക്റ്റ് ആംഡ് റിസർവ്വ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ കാലാവധി എന്നവസാനിക്കുമെന്ന് അറിയിക്കാമോ;

(എച്ച്) ഒഴിവുകൾ യഥാസമയം പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത കാരണത്താൽ പ്രസ്തുത ലിസ്റ്റിലുള്ള നിയമനം യഥാസമയം സാദ്ധ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ജനറൽ, ആംഡ് റിസർവ്വ് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

6341 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച്, ആംഡ് റിസർവ്വ് എന്നിവയിൽ സബ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>എ. ആർ. സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ</u>

6342 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ജില്ലാ ആംഡ് റിസ്സർവ്വുകളിലെ എല്ലാ യൂണിറ്റുകളിലുമായി ആകെ എത്ര സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു എന്നുള്ള വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര ഒഴിവുകൾ നാളിതുവരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ലാ അടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം ലഭ്യമാക്കുമോ ;

(ഡി) കേരളാ പോലീസ് ആംഡ് റിസർവ്വുകളിലെ എല്ലാ യൂണിറ്റുകളിലുമായി ഈ സർക്കാരിന്റെ കാലത്ത് റിട്ടയർമെന്റ് വഴി എത്ര സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ; പ്രസ്തുത ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥലം മാറ്റം</u>

6343 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-ൽ ആംഡ് റിസർവ്വ്, ലോക്കൽ എന്നിവയുടെ സംയോജനം നടപ്പിലായശേഷം നാളിതുവരെയായി യാതൊരു തുടർ നടപടികളും സ്വീകരിക്കാത്തതുമൂലം കൊല്ലം എ. ആർ. ക്യാമ്പിൽ മാത്രം 14 വർഷംവരെ സർവ്വീസുള്ള 300 ഓളം പോലീസുകാർക്ക് ലോക്കൽ സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) യഥാസമയം സ്ഥലംമാറ്റം നടത്താതിരിക്കുകയും ജില്ലാന്തര സ്ഥലംമാറ്റത്തിന്റെ അനുപാതം കൂട്ടി നൽകുകയും ചെയ്യുന്നതുമൂലമുള്ള ക്രമരാഹിത്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ലോക്കൽ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തസ്തികകൾ പുനർനിർണ്ണം നടത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>എസ്.ഐ. മാരുടെ നേരിട്ടും സ്ഥാനകയറ്റം മുഖേനയുമുള്ള നിയമനം</u>

6344 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ എസ്.ഐ.മാരുടെ നേരിട്ടും, സ്ഥാനക്കയറ്റം മുഖേനയുമുള്ള നിയമനത്തിന് അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അനുപാത പ്രകാരം ഓരോ വിഭാഗത്തിലും എത്ര സബ് ഇൻസ്പെക്ടർമാർ നിലവിലുണ്ടെന്നും ഓരോ വിഭാഗത്തിലും എത്ര ഒഴിവുകൾ ഉണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ ഒഴിവുകൾ നികത്താൻ നടപടി</u>

6345 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആംഡ് റിസർവ്വ് പോലീസിലും ലോക്കൽ പോലീസിലും എത്ര ഒഴിവുകൾ നിലവിലുണ്ട്; അത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലപ്പുറം എം.എസ്.പി. ബറ്റാലിയനിൽ നിന്നും എ.ആറിലേക്കും, ലോക്കൽ പോലീസിലേക്കും ട്രാൻസ്ഫർ നൽകാറുണ്ടോ;

(സി) എങ്കിൽ അവസാനമായി എന്നാണ് ട്രാൻസ്ഫർ നൽകിയത്; എത്ര പേർക്ക് നൽകി; ആറ് മാസത്തിലധികമായി ട്രാൻസ്ഫർ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 50-ൽപരം വരുന്ന പോലീസ് കോൺസ്റ്റബിൾമാരുടെ എച്ച്.സി. പ്രമോഷൻ സംബന്ധിച്ച ആഭ്യന്തര വകുപ്പിന്റെ 117304/A1/13 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) റിട്ടയർമെന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും പ്രമോഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഭരണവിഭാഗം എ.ഡി.ജി.പി.-ക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>എ.ആര്‍. ക്യാമ്പില്‍ നിന്നും സിവില്‍ പോലീസ് ഓഫീസര്‍മാരെ ലോക്കല്‍ സ്റ്റേഷനിലേക്ക് മാറ്റി നിയമിക്കല്‍</u>

6346 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയിലെ പോലീസ് സേനയില്‍ കഴിഞ്ഞ മൂന്ന് വര്‍ഷമായി ധാരാളം ഉദ്യോഗസ്ഥര്‍ വിരമിച്ചുവെങ്കിലും, ആയതിന് ആനുപാതികമായി സിവില്‍ പോലീസ് ഓഫീസര്‍ തസ്തികയിലേക്ക് പോലീസ് ഉദ്യോഗസ്ഥരെ കൊല്ലം എ.ആര്‍. ക്യാമ്പില്‍ നിന്നും, കൊല്ലം സിറ്റി ലോക്കലിലേക്ക് മാറ്റി നിയമിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലംമാറ്റങ്ങളുടെ തുടര്‍ച്ചയായി കെ.എ.പി. മൂന്നാം ബറ്റാലിയനില്‍ നിന്നും ഉദ്യോഗസ്ഥരെ കൊല്ലം എ.ആര്‍. ക്യാമ്പിലേക്ക് മാറ്റിയിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ കാരണം അറിയിക്കുമോ;

(സി) സ്ഥലംമാറ്റ കാര്യങ്ങളില്‍ പാലിക്കേണ്ട അടിസ്ഥാനതത്വങ്ങള്‍ പിന്‍തുടരുന്ന കാര്യം ഉറപ്പു വരുത്തുവാന്‍ സ്വീകരിക്കുന്ന നടപടികള്‍ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ടാങ്കർ ലോറി അപകടങ്ങൾ</u>

6347 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടാങ്കർ അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടാങ്കർ അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് എണ്ണ-വാതക കമ്പനികളിൽനിന്നും അർഹമായ നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

**കൊല്ലം സിറ്റിയിലെ ട്രാഫിക് പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 17 ലോക്കൽ സ്റ്റേഷനുകളിലുമായി ഒഴിവുകളുള്ള തസ്തികകൾ**

6348 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റിയിലെ ട്രാഫിക് പൊലീസ് സ്റ്റേഷൻ ഉൾപ്പെടെ 17 ലോക്കൽ സ്റ്റേഷനുകളിലുമായി നിലവിൽ എത്ര ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നും ആയത് ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരാണെന്നും അറിയിക്കുമോ ;

(ബി) നിരവധി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതുമൂലം നിലവിൽ ജോലി നോക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തേയും മാനസിക ആരോഗ്യത്തേയും പ്രസ്തുത നടപടി ബാധിക്കാമെന്ന കാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്നും ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

പോലീസ് സേനയിലെ സ്ഥലംമാറ്റത്തിനുള്ള പുതിയ മാനദണ്ഡങ്ങൾ

6349 ശ്രീ. സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് ഒരു സ്ഥലത്ത് കുറഞ്ഞത് മൂന്ന് വർഷത്തെ സേവനം വേണമെന്ന് വ്യവസ്ഥയുണ്ടോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

വനിതാ പോലീസ് സേന

6350 ശ്രീ. വര്‍ക്കല കഹാര്‍
'' കെ. ശിവദാസന്‍ നായര്‍
'' പി. സി. വിഷ്ണുനാഥ്
'' പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനിതാ പോലീസ് സേനയെ ശാക്തീകരിക്കാന്‍ എന്തെല്ലാം കര്‍മ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) ഇതിനായി സേനയിലെ വനിതാ പ്രാതിനിധ്യം നിശ്ചിത ശതമാനമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(സി) വനിതാ പ്രാതിനിധ്യം ഏര്‍പ്പെടുത്തുമ്പോള്‍ ഏതൊക്കെ തസ്തികകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വനിതാ പോലീസ്</u>

6351

ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനിതാ പോലീസ് സ്റ്റേഷനില്‍ ആവശ്യത്തിന് വനിതാ പോലീസ് ഇല്ലായെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വനിതാ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വര്‍ദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവര്‍ത്തികമാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>വനിതാ പോലീസ് സ്റ്റേഷനുകളിലെ വനിതാ ഡ്രൈവര്‍മാര്‍</u>

6352 ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എത്ര വനിതാ പോലീസ് സ്റ്റേഷനുകളില്‍ നാലുവീലുള്ള വാഹനങ്ങള്‍ ഉപയോഗത്തിലുണ്ട്;

(ബി) വനിതാ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളില്‍ വനിതാ ഡ്രൈവര്‍മാരെ മാത്രം നിയോഗിക്കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>വേലന്താവളം ചെക്ക് പോസ്റ്റിലെ കൈക്കൂലി കേസ്</u>

6353 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വേലന്താവളം ചെക്ക് പോസ്റ്റിൽ നിന്നും കൈക്കൂലി കേസുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ വിജിലൻസ് പിടികൂടിയിട്ടുണ്ടോ;

(ബി) എത്ര പേരെയാണ് പിടികൂടിയിട്ടുള്ളത്; ഇവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ നിന്നും എത്ര രൂപയാണ് പിടിച്ചെടുത്തിട്ടുള്ളത്;

(ഡി) ഇവരുടെ പേരിൽ കേസെടുത്ത് വിജിലൻസ് കോടതിയിൽ നൽകിയിട്ടുണ്ടോ;

(ഇ) ഇവർക്കെതിരെ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം 38/2013 നമ്പർ കേസ്സിലെ പ്രതികളെ സംബന്ധിച്ച റിപ്പോർട്ട്</u>

6354 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജാമ്യമില്ലാ വകുപ്പുപ്രകാരമുള്ള ക്രിമിനൽ കേസുകളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ വകുപ്പുതല നടപടിക്കായി റിപ്പോർട്ടു ചെയ്യാറുണ്ടോ;

(ബി) എങ്കിൽ തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം 38/2013 നമ്പർ കേസിലെ പ്രതികളെ സംബന്ധിച്ച് അത്തരത്തിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി</u>

6355 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർമാരിൽ നിന്നും രജിസ്ട്രേഷൻ ഡി.ഐ.ജി. മാസപ്പടി ശേഖരിക്കുന്നു എന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്പെഷ്യൽ സെൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്-ന്റെ നേതൃത്വത്തിൽ റെയ്ഡ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന്; എത്ര ലക്ഷം രൂപ കണ്ടെടുത്തു; ഏതെല്ലാം ഉദ്യോഗസ്ഥരിൽ നിന്നും എത്ര തുക വീതം കണ്ടെടുത്തു; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിൽ പോലീസ് എത്ര റെയ്ഡുകൾ നടത്തി; എത്ര തുക കണ്ടെടുത്തു; വ്യക്തമാക്കാമോ;

(ഡി) കുറ്റക്കാരായ രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് വകുപ്പ് എന്തു നടപടി സ്വീകരിച്ചു; ആർക്കെങ്കിലും ശിക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നല്കിയ ശിക്ഷ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പോലീസുദ്യോഗസ്ഥർക്കെതിരായ പരാതികൾ</u>

6356 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന നിയമലംഘന പ്രവർത്തികൾക്കെതിരെ നിർഭയമായി പരാതി നൽകുന്നതിന് സംവിധാനം ഉണ്ടാക്കുമോ;

(ബി) പോലീസ് ഇതര ജീവനക്കാരെ ഉൾപ്പെടുത്തി ഗവൺമെന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇതു സംബന്ധിച്ച് ഒരു സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ</u>

6357 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ കാരണങ്ങളാൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു;

(ബി) ഏതെല്ലാം കാരണങ്ങളാലാണ് ഓരോരുത്തരെയും സസ്പെന്റ് ചെയ്തതെന്ന് വിശദമാക്കാമോ;

(സി) ഇവരിൽ ഇതിനകം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കപ്പെട്ടവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ട / കൊലചെയ്യപ്പെട്ട പോലീസുദ്യോഗസ്ഥർ

6358 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ടു / കൊലചെയ്യപ്പെട്ടു ; അവർ ആരെല്ലാം ; എപ്രകാരമാണ് ഓരോരുത്തരും മരണപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) കൊലക്കത്തിക്കിരയായ പോലീസ് ഡ്രൈവർ മണിയൻപിള്ള മരണപ്പെട്ടിട്ട് എത്ര വർഷമായി ; പ്രതി ആരാണ് ; പ്രതിയെ പിടികൂടുകയുണ്ടായോ ; ഇല്ലെങ്കിൽ പ്രതിയെ നാളിതുവരെ പിടികൂടാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; പ്രതികളെ പിടികൂടാത്തതിൽ പോലീസിന്റെ ഭാഗത്ത് വിഴ്ച ഉണ്ടായിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇക്കാലയളവിൽ കൃത്യനിർവ്വഹണത്തിൽ മരണപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊലചെയ്യപ്പെട്ട മണിയൻപിള്ള എന്ന പോലീസ് ഡ്രൈവറുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുമെന്ന മുൻ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; ഇതിൽ ഇപ്പോഴത്തെ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന/കൊലചെയ്യപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിലെ ആഡിറ്റ്</u>

6359 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡിയറി സെൻട്രൽ ഫോലീസ് ക്യാന്റീനുകളിൽ 2011-12, 2012-13, 2013-14 എന്നീ കാലയളവിലെ വിറ്റുവരവ് എത്രവീതമാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്യാന്റീനുകളിലെ കണക്കുകൾ ആഡിറ്റു ചെയ്യുന്നത് ഏത് ഏജൻസിയാണ് ;

(സി) പ്രസ്തുത ക്യാന്റീനുകളിലെ കണക്കുകൾ ആഡിറ്റു ചെയ്യുന്നതിന് ഏതെങ്കിലും ഗവൺമെന്റ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആഡിറ്റിന് ഗവൺമെന്റ് ഏജൻസികളെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

**സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനകാലാവധി**

6360 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനകാലാവധി പരിമിതപ്പെടുത്തിയിട്ടുണ്ടോ;

(ബി) എത്ര വർഷത്തേക്കാണ് പരിമിതപ്പെടുത്തിയിട്ടുള്ളത്;

(സി) സേവനകാലാവധി പൂർത്തിയാക്കിയവരെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീൻ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>1962-ലെ കേരളാ ഫയർഫോഴ്സ് ആക്ട് ഭേദഗതി</u>

6361 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1962-ലെ കേരളാ ഫയർ ഫോഴ്സ് ആക്ട് എത്ര തവണ ഭേദഗതി ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) 1962-ലെ നിയമത്തിന് കാലാനുസൃതമായ മാറ്റം വരുത്തണമെന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ബഹുനില മന്ദിരങ്ങളും ഫ്ളാറ്റുസമുച്ചയങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ചട്ടങ്ങൾ കർക്കശമായി പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ നടത്തുവാനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുവാനും കഴിയുന്ന തരത്തിൽ 1962-ലെ നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകൾ</u>

6362 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകളാണുള്ളത്;

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിൽ ആകെ എത്ര ജീവനക്കാരാണുള്ളത്;

(സി) നിലവിൽ വിവിധ തസ്തികകളിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം തസ്തികകളിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ ഏതെല്ലാം ജില്ലകളിൽ പി.എസ്.സി. ലിസ്ററ് നിലവിലുണ്ട്;

(എഫ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേയ്ക്ക് നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോൾ ഓരോ തസ്തികയിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>പുതിയ ഫയർ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റും കൊണ്ടോട്ടി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള അനുമതിയും</u>

6363 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കൊണ്ടോട്ടിയിലെ ഫയർ സ്റ്റേഷന് അനുമതിയായിട്ടുണ്ടോ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്
വാങ്ങുന്ന ഉപകരണങ്ങൾ

6364 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് 2013 -14ൽ എത്ര തുകയുടെ ഉപകരണങ്ങളാണ് വാങ്ങിയത് ;

(ബി) എന്തെല്ലാം ഉപകരണങ്ങളാണ് വാങ്ങിയത് ;

(സി) ഉപകരണങ്ങൾ വാങ്ങാൻ ഉത്തരവു നൽകിയത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഓരോ ഉപകരണങ്ങളും സ്റ്റോക്കിൽ സ്വീകരിച്ചത് എപ്പോഴാണ് ;

(ഇ) ഫയർഫോഴ്സ് ജീവനക്കാർക്കായി വാങ്ങുന്ന ഉപകരണങ്ങൾ എന്തെല്ലാം ഗുണനിലവാര പരിശോധനകളാണ് നടത്തുന്നത് ;

(എഫ്) സംസ്ഥാന ഗവൺമെന്റിന്റെ ഏത് ഏജൻസിയാണ് യന്ത്ര സാമഗ്രികളുടെ പർച്ചേസിന് അംഗീകാരം നൽകുന്നത് ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>അടൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

6365 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലവിഭവ വകുപ്പിന്റെ രണ്ടേക്കറോളം ഭൂമി വകുപ്പിന് കൈമാറി കിട്ടുന്നതിനുവേണ്ടി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അടൂർ ഫയർ സ്റ്റേഷന് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) അടൂർ ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം പണിയുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

കുട്ടനാട് നിയോജകമണ്ഡലത്തിൽ
ഫയർസ്റ്റേഷൻ നിർമ്മാണം

6366 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഭൂമി ഭൂരഹിതകേരളം പദ്ധതിക്കായി നൽകിയിട്ടുള്ളതിനാൽ 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കുട്ടനാട്ടിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള 30 സെന്റ് കരഭൂമി വിട്ടു നൽകുകയാണെങ്കിൽ കുട്ടനാട്ടിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>നാട്ടിക ഫയർ സ്റ്റേഷൻ</u>

6367 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടികയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നാട്ടിക വില്ലേജിൽ റവന്യൂ വകുപ്പ് വിട്ടു നൽകിയ ഭൂമി ഫയർ & റെസ്ക്യൂ വകുപ്പ് ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഫയർ & റെസ്ക്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കൽ നടപടി എത്രയും വേഗം പൂർത്തിയാക്കി എൽ.എ.സി.എ.ഡി.എഫ്.-ൽ നിന്നനുവദിച്ച തുക വിനിയോഗിച്ച് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>നാദാപുരം ഫയർ& റെസ്ക്യൂ സ്റ്റേഷനിൽ വാഹനങ്ങളുടെ ദൗർലഭ്യം</u>

6368 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഫയർ& റെസ്ക്യൂ സ്റ്റേഷനിൽ അവശ്യ വാഹനങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ പറ്റാത്തതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷനിലെ വാഹനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ഫയർസ്റ്റേഷൻ നവീകരണം</u>

6369 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫയർ സ്റ്റേഷനിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫയർ സ്റ്റേഷനിലേക്ക് പുതുതായി വാട്ടർ ടെൻഡർ, മൊബൈൽ ടാങ്ക് യൂണിറ്റ് എന്നിവ അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

**ഫയര്‍ & റെസ്ക്യു സര്‍വ്വീസസില്‍ അസിസ്റ്റന്റ് സ്റ്റേഷന്‍ ഓഫീസറുടെ തസ്തികയിലേക്കുള്ള പ്രൊമോഷന്‍**

6370 ശ്രീ. പി. ടി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫയര്‍ & റെസ്ക്യു സര്‍വ്വീസസില്‍ അസിസ്റ്റന്റ് സ്റ്റേഷന്‍ ഓഫീസറുടെ തസ്തികയിലേക്ക് ഏത് അനുപാതത്തിലാണ് ഫയര്‍മാന്‍/ഡ്രൈവര്‍ തസ്തികയില്‍ നിന്നും പ്രൊമോഷന്‍ നല്‍കുന്നത് ;

(ബി) പ്രൊമോഷന്‍ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഡ്രൈവര്‍മാര്‍ പരാതി നല്കിയിട്ടുണ്ടോ ;

(സി) സ്പെഷ്യല്‍ റൂള്‍സ് നിലവിലുള്ള ഒരു കാര്യത്തില്‍ ജനറല്‍ റൂള്‍ ബാധകമാക്കിയത് സംബന്ധിച്ച പരാതിയില്‍ എന്ത് തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയാ പേജിന്റെ പ്രവർത്തനം</u>

6371 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയാ പേജിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സോഷ്യൽ മീഡിയാ പേജ് വഴി എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൊതുജനങ്ങൾക്ക് അഴിമതിയെ കുറിച്ചുള്ള പരാതി അയക്കാനും അവയ്ക്ക് പരിഹാരം കാണാനും എന്തെല്ലാം സംവിധാനമാണ് ഇതിലുള്ളത്;

(ഡി) ഇത് സംബന്ധിച്ച് അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നേരിടുന്ന വെല്ലുവിളികൾ</u>

6372 ശ്രീ. ജി. സുധാകരൻ
,, കെ.കെ. ജയചന്ദ്രൻ
,, ബി. സത്യൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരിൽ അനുദിനം വർദ്ധിച്ചുവരുന്ന അഴിമതികൾ തടയുന്നതിനും ഉന്നയിക്കപ്പെടുന്ന അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് സത്യം കണ്ടുപിടിക്കുന്നതിനും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് എന്തെങ്കിലും വെല്ലുവിളികൾ നേരിടുന്നുണ്ടോ;വിശദമാക്കുമോ;

(ബി) പോലീസ് വകുപ്പിൽനിന്നും ഇടയ്ക്കിടയ്ക്ക് സ്ഥലം മാറ്റി നിയമിക്കപ്പെടുന്നവർ അല്ലാത്തവർ ആരെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻമാരായി ബ്യൂറോയിലുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണ ആവശ്യം ഏതെങ്കിലും വേണ്ടെന്ന് വച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ജീവനക്കാർ ഉൾപ്പെടെ സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ എത്ര; ഇതിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് ശിക്ഷാവിധിയായിട്ടുള്ളവ എത്ര; എത്ര കേസുകളിൽ കോടതിവിധി പ്രതികൂലമായി മാറുകയുണ്ടായി; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ഫ്ളയിംഗ് സ്ക്വാഡ് രൂപീകരണം

6373 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കീഴിൽ എല്ലാ ജില്ലകളിലും ഫ്ളയിംഗ് സ്ക്വാഡുകൾ രൂപവൽക്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എന്നാണ് പ്രസ്തുത പ്രഖ്യാപനം നടത്തിയത് ; ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഇത്തരം സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

6374 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിജിലൻസ് കേസ്സെടുത്തിട്ടുണ്ട്;

(ബി) ഓരോ കേസ്സിന്റെയും വിശദാംശം എന്താണ്; കേസ്സെടുത്തത് എന്നാണ്; ഓരോ കേസ്സിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായി എന്നും ഓരോന്നിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ഐ. പി. എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ</u>

6375 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഐ. പി. എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>വിജിലൻസ് കോടതികളിൽ വിചാരണ കാത്തു കിടക്കുന്ന കേസ്സുകൾ</u>

6376 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കോടതികളിൽ എത്ര കേസ്സുകളാണ് വിചാരണ കാത്തു കിടക്കുന്നത്;

(ബി) വിചാരണ പൂർത്തിയായി വിധി പറയുവാൻ ബാക്കിയുള്ളവ എത്ര;

(സി) ഐ.എ. എസ്, ഐ. പി. എസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ എത്ര കേസ്സുകളാണ് വിചാരണയിൽ ഉളളത്;

(ഡി) വിചാരണയിൽ ഉളള കേസ്സുകൾ വേഗത്തിൽ പൂർത്തിയാക്കി തീർപ്പുകല്പിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## തടവുകാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ജയിൽ ഉദ്യോഗസ്ഥർ

6377 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ തടവുകാർക്ക് ഒത്താശ ചെയ്ത് കൊടുക്കുന്ന ജയിൽ ഉദ്യോഗസ്ഥരെ കണ്ടെത്തുവാൻ ജയിൽ ഡി. ജി. പി. നിർദ്ദേശം നൽകിയിട്ടുണ്ടോ ; പ്രസ്തുത നടപടി വകുപ്പുമന്ത്രി അറിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നടപടി ഏതെല്ലാം ജയിലുകളിൽ നടന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) മേൽ നടപടി ഭരണാനുകൂല ജീവനക്കാർ എതിർപക്ഷക്കാർക്കെതിരെ വ്യക്തിവിരോധം തീർക്കുന്നതിന് ഉപയോഗപ്പെടുത്താൻ ശ്രമിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2014 ജനുവരി 26ന് തലശ്ശേരി സബ്ജയിലിൽ ഇപ്രകാരമുള്ള ശ്രമം നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>ഭേദഗതിയോടുകൂടിയ പ്രിസൺസ് മാനുവലിന്റെ പകർപ്പ്</u>

6378 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏറ്റവും പുതിയ ഭേദഗതികളോടു കൂടിയ കേരള പ്രിസൺസ് മാനുവലിന്റെ പകർപ്പ് ലഭ്യമാണോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

താമരശ്ശേരിയിൽ ആധുനിക രീതിയിലുള്ള ജയിൽ സ്ഥാപിക്കൽ

6379 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊടുവള്ളി മണ്ഡലത്തിലെ താമരശ്ശേരിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ജയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ജയിൽ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാൻ തയ്യാറായ സാഹചര്യത്തിൽ നടപടി പൂർത്തീകരിച്ച് ജയിൽ യാഥാർത്ഥ്യമാക്കുമോ?